**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6156 — 04.07.2019-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. ജോയി<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. രാജഗോപാലൻ<br>,, ബി.സത്യൻ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഏറ്റവും ആപൽക്കരമായ തൊഴിലായ കടൽ മത്സ്യബന്ധനത്തിൽ കേരളത്തിൽ നൂറ്റിഅൻപതോളം പേർ പ്രതിവർഷം മരിക്കുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. ഇതിനകം 13,261 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തിര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആദ്യഘട്ടമായി 30,000 എണ്ണം വിതരണം ചെയ്തു വരികയാണ്. 2018-19 വർഷത്തെ 'കടൽസുരക്ഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക്' ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് ബി.എസ്.എൻ.എൽ-മായി ചേർന്ന് സാറ്റ്ലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും അപേക്ഷകൾ ലഭ്യമാകുന്നതിനനുസരിച്ച് ആയത് വിതരണം ചെയ്ത് വരുന്നു. കൂടാതെ കേരള തീരത്തെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിൽ ഒരു സ്ഥലത്ത് 15 മത്സ്യത്തൊഴിലാളികളും 5 യാനങ്ങളും പുനക്രമത്തിൽ ആകെ 300 യാനങ്ങളും, 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന നടപടികൾ നടന്ന് വരുന്നു. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നൽകി വരുന്നു. ഇതിനകം 3178 പേരുടെ പരിശീലനം പൂർത്തിയായി കഴിഞ്ഞു. ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇവരുടെ സേവനം രക്ഷാ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിലായി നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി എത്ര മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി 11,617 മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ വേഗത്തിലും കാര്യക്ഷമമായും കടൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അത്യാധുനിക സാങ്കേതികസൗകര്യങ്ങളുള്ള യാനങ്ങളും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ? | (സി) | കടൽ രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകുകയും കൊച്ചിൻ ഷിപ്പ്യാർഡുമായി കരാറിലേർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ മറൈൻ ആംബുലൻസ് നവംബർ 2019-ഓടെ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ഷിപ്പ്യാർഡിൽ പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരികയാണ്. നിലവിൽ 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ടുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ആവശ്യത്തിന് ലൈഫ് ഗാർഡിനെയും നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു വരുന്നു. ഓരോ ഗ്രാമത്തിലും 5 യാനങ്ങളും ഒരു യാനത്തിൽ 3 പേർ എന്ന ക്രമത്തിൽ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപന മായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് 15 ദിവസത്തെ പരിശീലനം നൽകി വരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഓഖി, പ്രളയം പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനത്തിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയെന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ സ്ക്വാഡിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ രക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കും. |

**സെക്ഷൻ ഓഫീസർ**